## 635

യഹോവ ദൈവമാം വിശുദ്ധ ജാതി നാം
അവനവകാശമാം ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ!

1 ആപത്തിൽ നമ്മുടെ ദിവ്യസങ്കേതവും
ബലവും ദൈവം ഒരുവനത്രേ
ആകയാൽ പാരിടം ആകെയിളകിലും
നാമിനി ഭയപ്പെടുകയില്ല-

2 അവനീതലത്തിൽ അപമാനം നമു
ക്കവകാശമെന്നോർത്തിടണം
അവന്നായ് കഷ്ടതയേൽക്കുകിൽ
തേജസ്സിൽ അനന്തയുഗം വാണിടും നാം-

3 നിര നിര നിരയായ് അണിനിരന്നിടുവിൻ
കുരിശിൻ പടയാളികളെ
ജയ ജയ ജയ കാഹളമൂതിടുവിൻ
ജയവീരനാം യേശുവിന്നു- **M.E.C.**